മിസ്റ്റർ പറമ്പി ലോനപ്പൻ: നൂറിപത്തൊമ്പതിൽ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എത്രകൊല്ലം കോഓപ്പറേറ്റീവ് ആവശ്യത്തിലേക്ക് മണ്ണർക്കായലിൽ വെള്ളം ശേഖരിച്ചു വക്കുന്ന് കൃഷിക്കാരുടെ കയ്യിൽനിന്നും സെസ്സ് പിരിച്ചിട്ടുണ്ട്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഒരു പ്രാവശ്യമെ പിരിച്ചിട്ടുള്ളൂ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു് ഫ്ലഡ് ഫണ്ട്-ൽ ആണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഫ്ലഡ് ഫണ്ട്-നുശേഷം പിരിച്ചിട്ടില്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

KUNNAMKULAM PALMYRA JAGGERY INDUSTRY CO-OPERATIVE SOCIETY —GOVERNMENT ASSISTANCE—DETAILS OF

210. മിസ്റ്റർ എം. കെ. രാജ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) കുന്നംകുളം ചക്കര വ്യവസായ പരസ്പരസഹായസംഘത്തിനു് ഗവണ്മെണ്ടിൽ നിന്നു വല്ല ആനുകൂല്യങ്ങളും നൽകി വന്നിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം;

(സി) ഇവയിൽ വല്ലതും ഇപ്പോൾ പിൻവലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അങ്ങിനെ പിൻവലിച്ചതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ), (ബി) ഉവ്വ്; സെക്രട്ടറിക്ക് ഫ 0 കെ.യും, ക്ലാർക്കിനു് ഇ കെ.യും പ്രതിമാസം വേതനമായി കൊടുത്തിരുന്നു.

(സി) ഇവ ഫ്ലഡ് ചിങ്ങം 1-ാംനു മുതൽ നിറുത്തൽ ചെയ്തു. ഫ്ലഡ് മുതൽ ഈ സംഘത്തിനു ഗവണ്മെണ്ടിൽനിന്നും സഹായങ്ങൾ നൽകിക്കൊണ്ടിരുന്നു. എന്നിട്ടും പ്രസ്തുത സംഘം സ്വന്തമായ ഒരു നിലയെ പ്രാപിച്ചു കണ്ടില്ല. അതുകൊണ്ടു ഗവണ്മെണ്ട് അമ്മാതിരിയുള്ള ഒരു സ്ഥാപനത്തെ തങ്ങൾ വാഗ്ദത്തം ചെയ്തിട്ടുള്ള കാലത്തിൽ കൂടുതലായി സഹായിക്കേണ്ടതില്ലെന്നു തീരുമാനിച്ചു.

മിസ്റ്റർ എം. കെ. രാജ: 'എന്നിട്ടും പ്രസ്തുത സംഘം സ്വന്തമായ ഒരു നിലയെ പ്രാപിച്ചു കണ്ടില്ല' എന്നു പറയുന്നതു് ഒന്നുകൂടി വിശദമാക്കാമോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതു് ആ സംഘത്തിന്റെ initial stage-ൽ ഒരു സഹായം ചെയ്യുക എന്നുള്ള നിലയായിരുന്നു. ഇത്രയും കാലമായിട്ടും അതിനു് സ്വന്തമായി ഒരു നിലയിൽ പ്രവർത്തനം ചെയ്യുവാൻ സാധിക്കാതിരുന്നതിനാൽ പിന്നീടു് അതു് കൊടുക്കേണ്ട എന്നു വെച്ചു. അതാണു്.

മിസ്റ്റർ എം. കെ. രാജ: എത്ര കാലത്തേക്കാണു് ഗവണ്മെണ്ടു് സംഘത്തിനു പ്രത്യേക സഹായം വാഗ്ദാനം ചെയ്തിരുന്നതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഫ്ലഡ് ലേക്ക മാത്രമാണു്.

മിസ്റ്റർ എം. കെ. രാജ: സംഘത്തിന്റെ കാംക്ഷിതമായ പ്രവർത്തനത്തിനു്, ചക്കര ബ്രിട്ടീഷ് ലേക്ക കടത്തിക്കൊണ്ടു പോകുന്നതിനെ തടയേണ്ടതാവശ്യമാണെന്നു് വല്ല നിവേദനവും സംഘത്തിൽനിന്നു ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടിസ്സുവേണം.

മിസ്റ്റർ എം. കെ. രാജ: മദ്യവർജ്ജനം എല്ലാ താലൂക്കുകളിലും നടപ്പാക്കാൻ പോകുന്ന സ്ഥിതിക്കു്, ഇത്തരം സമാപനങ്ങളുടെ പ്രവർത്തനത്തിൽ ഗവണ്മെണ്ടു് കൂടുതൽ ശ്രദ്ധ ചെലുത്താൻ മന്ത്രിക്കുദ്ദേശ്യമുണ്ടോ?

Mr. K. Balakrishna Menon *(Minister for Food and Education)*: Certainly.

LIBRARY ARCHIVES Kerala Legislative Assembly